## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 24 | 04.06.2018 ൽ മറുപടിക്ക്

**വിദേശ വനിതയുടെ മരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ലാത്വിയ സ്വദേശിനിയായ വിദേശ വനിതയുടെ മരണം ആത്മഹത്യയോ കൊലപാതകമോ എന്ന് സ്ഥിരീകരിക്കുന്നതിന് കേരള പോലീസ് ഏറെ വൈകിയത് കേസിനെ ദുർബലമാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത മരണം എന്ത് കാരണത്താലാണ് സംഭവിച്ചതെന്നതിനെക്കുറിച്ച് ശാസ്ത്രീയവും സമഗ്രവുമായ അന്വേഷണം നടത്തപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ ഏറ്റവും കുറഞ്ഞ സമയമേ സങ്കീർണ്ണമായ ഈ കേസ്സിലെ പ്രതികളെ കണ്ടെത്താൻ വേണ്ടി വന്നിട്ടുള്ളൂ. |
| (ബി) സംസ്ഥാനത്ത് എത്തുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ സ്വീകരിച്ചിട്ടുള്ളത്; | (ബി) വിദേശ സഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിനോദ സഞ്ചാരമേഖലകളിൽ ജോലി നോക്കിവരുന്ന ലൈഫ്ഗാർഡുകൾ ചെറുകിട കച്ചവടക്കാർ, ടൂറിസ്റ്റ് ഗൈഡുകൾ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ച് വിശദമായ അന്വേഷണം നടത്തി അപാകതയില്ലെന്ന് കണ്ടെത്തുന്നവർക്ക് ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരിച്ചറിയൽ കാർഡ് |

നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസിന്റെ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്ന കോവളത്ത് വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ടൂറിസം പോലീസിനെ വിപുലപ്പെടുത്തിയിട്ടുണ്ട്. പല ജില്ലകളിലും ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റന്റ് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ക്രിമിനൽ പശ്ചാത്തലമുള്ളവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിദേശ വനിതയോട് കൊടുംക്രൂരത കാണിച്ച കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ അന്വേഷണം കാര്യക്ഷമമായി നടത്തുന്നതിനും ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) വിദേശ വനിതയോട് കൊടുംക്രൂരത കാണിച്ച കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ അന്വേഷണം കാര്യക്ഷമമായി നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട മുൻകരുതൽ സ്വീകരിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ